(എഫ്) അനുകൂല കാലാവസ്ഥയിൽ കൂടുതൽവഴി ഉപപ്പു ലൈൻ കൊണ്ടുവരുമ്പോൾ പ്രത്യേക അനുമതിയൊന്നും സാധാരണയായി വാങ്ങാറില്ല.

(ജി) ഇല്ല.

(എച്ച്) ഇല്ല. പൈപ്പുലൈനുകളുടെ പ്രവർത്തനത്തിനാവശ്യമായ പോണ്ടൂണുകളുടെ അറ്റകുറ്റപ്പണികൾക്കും, പുതിയവയുടെ നിർമ്മാണത്തിനും ഈ തൊഴിലാളികളുടെ സഹായം ബേപ്പൂരിൽ ആവശ്യമായതിനാൽ അവിടെ അവരുടെ സേവനം തുടർന്ന് ഉപയോഗപ്പെടുത്തുകയാണുണ്ടായത്.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) നൽകിയതായി അറിവില്ല.

(കെ) അല്ല.

(എൽ) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു).

ശ്രീ. ഇ.കെ. നായനാർ: സർ, ഒരു അഭ്യർത്ഥന ഉണ്ട്. ചോദ്യം 210-ന് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രി മറുപടി പറഞ്ഞിട്ടില്ല. അതേസമയം പിന്നീട് അത് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. ക്രമക്കേടുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ മന്ത്രിയല്ല ഉദ്യോഗസ്ഥൻമാരാണ് ഉത്തരവാദികൾ എന്ന് കമ്മീഷൻ നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ടോ എന്നാണ് ചോദ്യം. ഉണ്ടെങ്കിൽ ആരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്? അതിന് മറുപടി മന്ത്രി പറഞ്ഞിട്ടില്ല. മന്ത്രിമാർ യഥാർത്ഥമായിട്ട് മറുപടി പറയാതെ പോകുന്ന നിലപാട് ബഹുമാനപ്പെട്ട സ്പീക്കർ അംഗീകരിക്കാൻ പാടില്ല. ഞാൻ ആ റിപ്പോർട്ടാണ് ഇവിടെ വായിച്ചത്. 9.30 a.m.]

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): സർ, കമ്മീഷൻ റിപ്പോർട്ടിന്റെ ഒരു ഭാഗത്തും ഏതെങ്കിലും ഉദ്യോഗസ്ഥൻ കുറ്റക്കാരനാണെന്ന് എടുത്തുപറഞ്ഞിട്ടില്ല. അത് പറയാത്തതുകൊണ്ട് നടപടി എടുത്തിട്ടില്ല. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ് എന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ.കെ. നായനാർ: സർ, ഏതെങ്കിലും ഉദ്യോഗസ്ഥൻ എതിരായിട്ട് നടപടി എടുത്തോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാർ സഭയിൽ തരുന്ന വിവരം സത്യവിരുദ്ധമാണെന്ന് അങ്ങയ്ക്കു തോന്നുന്നപക്ഷം അതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാം, അങ്ങ് അത് മൂവ് ചെയ്തുകൊള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly